# Malayala Manorama
# 27 August 2018
# Aroor, Ezhupunna, Flood Victims, Relief



എഴുപുന്ന പഞ്ചായത്തിലെ കാക്കത്തുരുത്ത് ദ്വീപ് നിവാസികൾക്ക് ഓണക്കോടി വിതരണം ഉദ്ഘാടനം എ.എം. ആരിഫ് എംഎൽഎ നിർവഹിക്കുന്നു. നസീർ പുന്നയ്ക്കൽ, ബിനുമോൾ എന്നിവർ സമീപം.

## ഓണക്കോടി വിതരണം നടത്തി

അരൂർ • പ്രളയക്കെടുതി മൂലം ദുരിതമനുഭവിക്കുന്ന എഴുപുന്ന പഞ്ചായത്തിലെ കാക്കത്തുരുത്തു ദ്വീപിലെ മുഴുവൻ കുടുംബങ്ങൾക്കും ഓണക്കോടി വിതരണം ചെയ്തു.

എരമല്ലൂർ പുന്നയ്ക്കൽ ജ്വല്ലറിയുടെ ചാരിറ്റബിൾ ട്രസ്റ്റാണ് മുന്നൂറിലധികം കുടുംബങ്ങൾക്ക് ഓണക്കോടി നൽകിയത്. എ.എം. ആരിഫ് എംഎൽഎ വിതരണം ഉദ്ഘാടനം ചെയ്തു.

പഞ്ചായത്ത് അംഗം ബിനുമോൾ അധ്യക്ഷത വഹിച്ചു. ജ്വല്ലറി ഉടമ നസീർ പുന്നയ്ക്കൽ, എൻ.പി. ജോസഫ്, വിജയൻ എരമല്ലൂർ, ബിഫാസ് വടക്കേൽ എന്നിവർ പ്രസംഗിച്ചു.

കൂടുതൽ വാർത്തകൾ
www.manoramaonline.com

